Page 1 of 2

(ഡി) 2013-14 സംസ്ഥാന പാതകളുടെ വികസനത്തിനായി സി.ആർ.എഫ്. വിഹിതമായി 70.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2013-14-ൽ സംസ്ഥാന ദേശീയ പാതകളുടെ വികസനത്തിനായി 145.17 കോടി രൂപ ഒറിജിനൽ വർക്കിനും 39.22 കോടി രൂപ അറ്റകുറ്റപ്പണികൾക്കുമായി സംസ്ഥാന ബഡ്ജറ്റിലൂടെയല്ലാതെ കേന്ദ്രം ചെലവഴിച്ചിട്ടുണ്ട്.

(ഇ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 അനുസരിച്ച് ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന സംസ്ഥാനങ്ങൾക്കും യൂണിയൻ ഭരണ പ്രദേശങ്ങൾക്കും താഴെ വിവരിക്കുന്ന പ്രകാരം വിഹിതം വയ്ക്കേണ്ടതുണ്ട്.

1. ഡീസലിന്റെ സെസിന്റെ 50% ഗ്രാമീണ റോഡുകളുടെ വികസനത്തിന്

2. ബാക്കിയുള്ള 50% സെസും പെട്രോളിന്റെ സെസും കൂടി ചേർന്ന തുകയുടെ വിതരണം താഴെവിവരിക്കുന്ന പ്രകാരമായിരിക്കും.

(എ) ദേശീയ പാതകളുടെ വികസനത്തിന് 57½%

(ബി) റെയിൽവേയുടെ മുകളിലൂടെയോ കീഴിലൂടെയോ നിർമ്മിക്കുന്ന റോഡുകൾക്ക് 12½%

(സി) ബാക്കിയുള്ള 30% ദേശീയപാതകളൊഴികെയുള്ള റോഡുകൾക്ക്, ഇതിൽ 10% കേന്ദ്ര സർക്കാർ റിസർവ്വ് ഫണ്ടായി സൂക്ഷിക്കുന്നതാണ്. അന്തർസംസ്ഥാന റോഡ് പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി പ്രകാരം വിനിയോഗിക്കുന്നതിനായാണ് റിസർവ്വ് ഫണ്ട്.

കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടി നിബന്ധനകൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് അറിയുവാൻ സാധിക്കുന്നില്ല.

(എഫ്) സെൻട്രൽ റോഡ് ഫണ്ട് ആക്ട്-2000 അനുസരിച്ചാണ് ഈയിനങ്ങളിൽ ലഭിക്കുന്ന തുക സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത്. ഈ ഫണ്ടിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന തുക മുഴുവൻ സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കപ്പെടുന്നുണ്ട്.

## വാണിജ്യ നികുതി വകുപ്പിൽ നികുതി പരിഷ്കരണം

166 (3825) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിൽ നികുതി പരിഷ്ക്കരണത്തിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ബി) എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഇതിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ൽ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിരുന്നു.

(ബി&സി) സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ പുനഃപരിശോധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വാണിജ്യ നികുതി കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി ചോർച്ച തടയുന്നതിന് നടപടി

167 (3826) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ നികുതി ചോർച്ച തടയുന്നതിനും നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മാസത്തിൽ ഒരു തവണയെങ്കിലും ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) വാഹന പരിശോധനയ്ക്കായി ആവശ്യമായ ജീവനക്കാരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ മേലുദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. അതിന്റെ ഭാഗമായി രജിസ്റ്ററുകളും രേഖകളും കൃത്യമാണെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ ടേക്ക്ഓവർ എന്ന രീതിയിൽ ചെക്ക്പോസ്റ്റുകൾ ഏറ്റെടുക്കുകയും വാഹനങ്ങൾ പരിശോധിക്കുകയും ചെയ്യാറുണ്ട്. ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന വാഹനങ്ങൾ തുടർ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യാറുണ്ട്.

(ബി) ഇന്റലിജൻസ് വിഭാഗം ചെക്ക്പോസ്റ്റുകളിൽ ടേക്ക് ഓവർ എന്ന രീതിയിൽ ചെക്ക്പോസ്റ്റുകൾ ഏറ്റെടുക്കാറുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് മേൽ പരാമർശിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly